# പാടാമൊന്നായി ഗാനങ്ങൾ : ഉള്ളടക്കവും സാധ്യതകളും

-സന്തോഷ് ജോർജ് ജോസഫ്

## 1. ആമുഖം

ഗാനങ്ങൾ ഏതു സംസ്കാരത്തിന്റെയും ഒരു അവിഭാജ്യ ഭാഗമാണ്. ഗാനങ്ങളുടെ വൈവിധ്യവും ബാഹുല്യവും ചലനാത്മകമായ ഏതു സംസ്കാരത്തെക്കുറിച്ചുമുള്ള ധാരാളം കാര്യങ്ങൾ സൂചിപ്പിക്കുന്നു. മറ്റേതൊരു കലാരൂപത്തേക്കാളും ഒരു സംസ്കാരത്തിന്റെ ലോകവീക്ഷണവും ആത്മീയതയും വെളിവാക്കുന്നത് ഗാനങ്ങളാണ്. ഇന്ത്യയിലെ ഭക്തി പ്രസ്ഥാനത്തിൽ നിന്നുമുള്ള ഭജനകൾ, ബംഗാളി അവധൂത പാരമ്പര്യത്തിൽ നിന്നുള്ള ബാവുൾ ഗാനങ്ങൾ, പ്രൊട്ടെസ്റ്റന്റ് പ്രസ്ഥാനത്തിൽ നിന്നുള്ള കീർത്തനങ്ങൾ ഇവ ലോകവീക്ഷണത്തെയും ആത്മീയതയെയും പ്രതിനിധീകരിക്കുന്ന ഗാനങ്ങൾക്ക് നല്ല ഉദാഹരണങ്ങളാണ്.

ഗാനങ്ങൾക്ക് വിമോചനപരമായ ശക്തികളുണ്ടെന്നു കാണിക്കുന്നതിനും നമുക്ക് അസംഖ്യം ഉദാഹരണങ്ങളുണ്ട്. "വീ ഷാൽ ഓവർകം" "ഓ ഫ്രീഡം" എന്നിവ അമേരിക്കൻ ഐക്യനാടുകളിലെ പൗരാവകാശ പ്രസ്ഥാനത്തെ പരിപോഷിപ്പിച്ച ഗാനങ്ങളാണ്. "രുകേ ന ജോ" "ഇസ്ലിയേ ആജ് സംഘർഷ് കീ" എന്നിവ ഇന്ത്യയിലെ ഫാക്ടറി തൊഴിലാളികളുടെ പ്രസ്ഥാനത്തിന് പ്രചോദനമേകിയ ഹിന്ദി ഗാനങ്ങളാണ്.

സാമൂഹിക പരിവർത്തനത്തിനായുള്ള പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ഗാനങ്ങളാണ് വിമോചന ഗാനങ്ങൾ. വിമോചന ഗാനങ്ങൾ മിക്കതും മതനിരപേക്ഷമാണ്. എന്നാൽ വിശ്വാസത്തിലും ദൈവശാസ്ത്രത്തിലും അടിസ്ഥാനപ്പെട്ട, സമാധാനവും നീതിയും സ്ഥാപിക്കുന്നതിനുള്ള ദൗത്യത്തിന് ഊന്നൽ നൽകുന്ന, ധാരാളം വിമോചന ഗാനങ്ങളുണ്ട്. "ലെറ്റ് മൈ പീപ്പിൾ ഗോ" എന്ന ഗാനം വേദപുസ്തക വിശ്വാസത്തിലും ദൈവശാസ്ത്രത്തിലും വേരൂന്നിയതും ഫറവോനെതിരെയുള്ള ഇസ്രായേല്യരുടെ വിമോചന പ്രസ്ഥാനത്തിന്റെയും അടിമത്തത്തിൽ നിന്ന് ആഫ്രോ അമേരിക്കക്കാരെ മോചിപ്പിക്കുന്നതിനുവേണ്ടിയുള്ള അമേരിക്കൻ പൗരാവകാശ പ്രസ്ഥാനത്തിന്റെയും സാദൃശ്യം പുറത്തുകൊണ്ടുവരുന്നതുമായ ഒരു ആഫ്രോ അമേരിക്കൻ വിമോചന ഗാനമാണ്.

## 2. ആഫ്രോ-അമേരിക്കൻ ജനതയുടെ വിമോചന ഗാനങ്ങൾ

ആഫ്രോ-അമേരിക്കൻ സംഗീതജ്ഞനായ മേഷ ബ്രൂഗ്ഗെർഗോസ്മാന്റെ അഭിപ്രായത്തിൽ, തങ്ങളുടെ മണ്ണിൽ നിന്നും അപഹരിക്കപ്പെടുകയും 1619 മുതൽ അമേരിക്കൻ ഐക്യനാടുകളിൽ അടിമത്തത്തിലേക്കു വിൽക്കപ്പെടുകയും ചെയ്ത ആഫ്രിക്കക്കാരായ ആളുകളിൽ നിന്നും ആവിർഭവിച്ചവയാണ് ഈ ആത്മീയഗാനങ്ങൾ (സ്പിരിച്ച്വലുകൾ). അടിച്ചമർത്തപ്പെടുന്ന ആഫ്രോ-അമേരിക്കൻ ജനതയ്ക്ക്, പരസ്പരം ആശയവിനിമയം നടത്തുന്നതിനുള്ള ഒരു മാർഗ്ഗം കണ്ടെത്തേണ്ടതും, തങ്ങളെത്തന്നെ ആവിഷ്കരിക്കേണ്ടതും ആവശ്യമായിരുന്ന ഒരു സാഹചര്യത്തിൽ നിന്നു ജനിച്ചവയാണ് ആ ഗാനങ്ങൾ. തങ്ങളുടെ ജീവിത സാഹചര്യങ്ങളുടെയും വിമോചന പോരാട്ടങ്ങളുടെയും

ശക്തമായ ഒരു ഛായാചിത്രം അവർ അതിലൂടെ സൃഷ്ടിച്ചു. അതിന്റെ അനുരണനങ്ങൾ ഇന്നത്തെ ജനങ്ങളുടെയിടയിലും അനുഭവപ്പെടുന്നുണ്ട്.

രക്ഷപ്പെട്ട അടിമകളും പ്രസ്ഥാനത്തിന്റെ നേതാക്കളുമായ ഫ്രെഡറിക് ഡഗ്ലസ്സിന്റെയും ഹാരിയറ്റ് ടബ്മാന്റെയും അഭിപ്രായത്തിൽ ഈ ഗാനങ്ങളിൽ സ്വതന്ത്ര ജീവിതത്തിലേക്ക് വഴികാട്ടുന്ന പരോക്ഷമായ പല സൂചകങ്ങളും ഉണ്ടായിരുന്നു.

"അയാം ഓൺ മൈ വേ ടു കനാൻ ലാൻഡ്", എന്ന ഗാനത്തിൽ "കനാൻ" എന്ന പദത്തിന്റെ അർത്ഥം സ്വർഗ്ഗം എന്നു മാത്രമായിരുന്നില്ല, വടക്ക്, വിശേഷിച്ചും കാനഡ ആയിത്തീർന്ന ബ്രിട്ടീഷ് കോളനികൾ എന്നുകൂടി അർത്ഥമാക്കിയിരുന്നു.

"സ്വിങ് ലോ, സ്വീറ്റ് ചാരിയറ്റ്" എന്ന ഗാനത്തിലുള്ള രഹസ്യ കോഡ് "ലോ" ആഴത്തിലുള്ള തെക്കിനെ സൂചിപ്പിക്കുന്നു' "എന്നെ തെക്കു നിന്നും അടിമത്തത്തിൽ നിന്നും ഉയർത്തുകയും വടക്കുള്ള സ്വാതന്ത്ര്യത്തിലേക്ക് കൊണ്ടുപോകുകയും ചെയ്യൂ" എന്നാണ് ആ ഗാനം പറയാൻ ശ്രമിയ്ക്കുന്നത്.

"വേഡ് ഇൻ ദി വാട്ടർ" തലക്കെട്ടു മുതൽ അടിമകൾക്ക് രക്ഷപെടാനുള്ള നിർദ്ദേശങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്നു. ജലത്തിൽ ക്ലേശിച്ച് മുന്നോട്ടു പോകുവാൻ സാധിക്കുമെങ്കിൽ, യജമാനന്മാർ അയക്കുന്ന വേട്ടനായ്ക്കൾക്ക് അവരുടെ ഗന്ധം തിരിച്ചറിയുവാൻ കഴിയുകയില്ലെന്ന ഒരു സൂത്രം നൽകുന്നുണ്ടായിരുന്നു. "ഡീപ് റിവർ" എന്ന പാട്ടിൽ യോർദ്ദാൻ നദിയെന്നത് ഒഹായോ നദിക്കുള്ള കോഡാണ് ഒഹായോ നദിക്കു കുറുകെ കടക്കാനായാൽ നിങ്ങൾക്ക് സ്വാതന്ത്ര്യത്തിൽ ജീവിക്കാം എന്നാണ് ആ വരികളിലൂടെ പറയാൻ ശ്രമിയ്ക്കുന്നത്.

അടിമത്തത്തിൽ നിന്ന് രക്ഷപ്പെടുന്നതിനെക്കുറിച്ചുള്ള ഒരു പാട്ടാണെന്ന് യജമാനന്മാർക്ക് അറിയാമായിരുന്നതുകൊണ്ട് 'ഗോ ഡൗൺ മോസസ്" അടിമകൾക്ക് വിലക്കപ്പെട്ട ഒരു ഗാനമായിരുന്നു. മോശ അവന്റെ ജനത്തെ സ്വാതന്ത്ര്യത്തിലേക്കു നയിച്ച വേദപുസ്തക കഥയുമായി ബന്ധപ്പെട്ട ഈ ഗാനം അടിമത്തത്തിലുള്ള ജനതയെ പ്രചോദിപ്പിക്കുകയും യജമാനന്മാർക്ക് അവരെ നിയന്ത്രിക്കുവാൻ ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്തു.

അങ്ങനെ അടിമകൾ ബന്ധനത്തിലായിരുന്ന സമയത്ത് അവരുടെ സ്വന്തം നിരാശയുടെ മധ്യേയാണ് ഈ മഹത്തായ സംഗീതധാര ഉരുവായത്. അവരുടെ ശബ്ദവും അളക്കാനാവാത്ത അവരുടെ പ്രത്യാശയുടെയും ധൈര്യത്തിന്റെയും പ്രകടനവുമായിരുന്നു അവരുടെ സംഗീതം. സ്വാതന്ത്ര്യത്തിലേക്കും അന്തസ്സിലേക്കുമുള്ള അവരുടെ സഞ്ചാരത്തെ അവ ത്വരിതപ്പെടുത്തി.

## 3. കേരള പശ്ചാത്തലത്തിൽ നിന്നുള്ള വിമോചന ഗാനങ്ങൾ

ഒരു മതേതര കലാരൂപമെന്ന നിലയിൽ കേരളത്തിൽ വിമോചന ഗാനങ്ങൾ വളരെ ഊർജ്ജസ്വലമാണ്. ഭൂപ്രഭുക്കളുടെ ചൂഷണത്തിനെതിരെ പോരാടുന്നതിന് തൊഴിലാളി പ്രസ്ഥാനത്തിന് കരുത്തേകുന്ന, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമായി ബന്ധപ്പെട്ട്, അനേകം ഗാനങ്ങൾ 1950 കളിൽ ഉണ്ടായി. ഒ.എൻ.വി. കുറുപ്പ് രചിച്ച

“പൊന്നരിവാളമ്പിളിയിൽ കണ്ണെറിയുന്നോളേ”, വയലാർ രാമ വർമ്മ രചിച്ച “ബലികുടീരങ്ങളേ” എന്നിവ പോലെയുള്ള ഗാനങ്ങൾ രാഷ്ട്രീയ കാഴ്ചപ്പാടുകൾക്കതീതമായി കേരള ജനതയുടെ ആത്മാവിനെ വളരെയേറേ സ്വാധീനിച്ചിട്ടുണ്ട്.

അറുപതുകളിലും എഴുപതുകളിലും തിരുവല്ല ഡൈനാമിക് ആക്ഷൻ, സഭയിലും സമൂഹത്തിലും പ്രകടമായിരുന്ന വിവേചനങ്ങളെ ചെറുക്കുന്നതിനുള്ള ശക്തിയായി വിമോചന ഗാനങ്ങൾ സൃഷ്ടിക്കുന്നതിൽ നേതൃത്വം നൽകിയിട്ടുണ്ട്. ഇത്തരം ഗാനങ്ങളുടെ ഒരു ശേഖരം, ജനകീയ ഗാനങ്ങൾ എന്ന ഒരു പുസ്തകമായി 1983 ൽ അവർ പുറത്തിറക്കി. മതേതര വിമോചന ഗാനങ്ങളും വിശ്വാസാധിഷ്ഠിതമായ വിമോചന ഗാനങ്ങളും ഉൾപ്പെട്ടിരുന്ന ഈ ഗാന ശേഖരം വേദപുസ്തകത്തെ ദരിദ്രരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും കാഴ്ചപ്പാടുകളിൽ നിന്ന് പുനർവായിക്കുന്നതിനുള്ള ഒരു ചുവട് വയ്പായിരുന്നു. എൺപതുകളിലെയും തൊണ്ണൂറുകളിലെയും അവരുടെ ഗാനങ്ങൾ ജാതിവിവേചനത്തെ എതിർക്കുന്നതിലും ദളിത ആത്മീയത ഉയർത്തിപ്പിടിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചു.

ജനകീയ പോരാട്ടങ്ങളിലെ ഇടപെടലിൽ വേരൂന്നിയ മറ്റൊരു കൂട്ടം വിമോചന ഗാനങ്ങൾ എൺപതുകളുടെ അവസാനത്തിലും തൊണ്ണൂറുകളിലും ആവിർഭവിച്ചു. സ്റ്റുഡന്റ് ക്രിസ്ത്യൻ മൂവ്മെന്റ് ഓഫ് ഇന്ത്യ – കേരളയുടെ അംഗങ്ങൾ, സി.എസ്.ഐ. സഭയ്ക്കുള്ളിൽ രൂപമെടുത്ത ജനകീയ വിമോചന വിശ്വാസ പ്രസ്ഥാനം, മാർത്തോമ്മാ സഭയിൽ രൂപംകൊണ്ട നവീകരണ വേദി, കത്തോലിക്ക കന്യാസ്ത്രീകളും പുരോഹിതന്മാരും രൂപീകരിച്ച കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ എന്നിങ്ങനെയുള്ള ജനകീയ പ്രസ്ഥാനങ്ങളിൽ ഭാഗഭാക്കായി. ഈ ഇടപെടലുകൾ നീതിക്കും സമാധാനത്തിനുമായുള്ള പോരാട്ടങ്ങളുടെ ഭാഗമാകാൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്ന ഗാനങ്ങൾ രചിക്കാൻ അവരെ പ്രചോദിപ്പിച്ചു. ഇത്തരം ഗാനങ്ങളുടെ ഒരു സമാഹാരം പാടാമൊന്നായ് എന്ന ശീർഷകത്തിൽ 1993 ൽ പുറത്തിറക്കി.

പാടാമൊന്നായി ശേഖരത്തിലെ ഓരോ ഗാനവും ഓരോ പ്രത്യേക പശ്ചാത്തലത്തിൽ ആവിർഭവിച്ചവയാണ്. പാർശ്വവൽക്കരണം, അനീതി, ചൂഷണം, പ്രതിഷേധം, ആത്മ സംഘർഷം, പോരാട്ടങ്ങൾ, ആഘോഷങ്ങൾ എന്നീ അനുഭവങ്ങളെ സംബോധന ചെയ്യുവാൻ അവ ശ്രമിച്ചിട്ടുണ്ട്. അവ രചിച്ചത് ചില വ്യക്തികളാണെങ്കിലും, അതിനുള്ള പ്രചോദനം നൽകുന്നതിൽ അവർ ഭാഗമായിരുന്ന എസ്.സി.എം., സി.എസ്.ഐ. യുവജന പ്രസ്ഥാനം, ജനകീയ വിമോചന വിശ്വാസ പ്രസ്ഥാനം, ആവാസ് (റായ്പൂർ) തുടങ്ങിയ സമൂഹങ്ങളും കൂട്ടായ്മകളും വളരെ വലിയൊരു പങ്കു വഹിച്ചിട്ടുണ്ട്.

## 4. പാടാമൊന്നായി ഗാനങ്ങളുടെ ദൈവശാസ്ത്ര അടിത്തറ

പരമ്പരാഗത ക്രിസ്തീയ ഭക്തിഗാനങ്ങളിൽ നിന്നു വ്യത്യസ്ഥമായി, പാടാമൊന്നായി ഗാനങ്ങൾ, ജീവിത യാഥാർത്ഥ്യങ്ങളിൽ നിന്ന് രക്ഷപ്പെടുകയോ അവയിൽ നിന്ന് ഒഴിഞ്ഞുമാറുകയോ ചെയ്യുന്നതിനു പകരം, അവയെ സൂക്ഷ്മമായി സംബോധന ചെയ്യുകയും നേരിടുകയും ചെയ്യുന്ന ഒരു വിശ്വാസത്തെ ഉയർത്തിപ്പിടിക്കുന്നു. ഈ ഗാനങ്ങളുടെ വിഷയങ്ങളിൽ ചിലവ ചുവടെ പറയുന്ന പ്രകാരമാണ്.

*"പാടാമൊന്നായ് പാടാമൊന്നായ് തരളിതമൊരു നവഗാനം*
*അതിന്റെ ഗരിമയിലലിഞ്ഞുചേർന്നങ്ങൊഴുകാമൊന്നായ് നാം"*

സന്തോഷ് ജോർജ്ജ് രചിച്ച ഈ ഗാനം എല്ലാ രൂപങ്ങളിലുമുള്ള വൈയക്തികതാവാദത്തെ വെല്ലുവിളിക്കുന്ന ഒരു സംഘം ചേരലിന് ആഹ്വാനം ചെയ്യുന്നു. ഉറവയായി പ്രയാണം ആരംഭിക്കുന്ന അരുവികൾ ഒരുമിച്ചു ചേർന്ന് പുഴകളായും പിന്നീട് നദികളായും സമുദ്രത്തിൽ ലയിക്കുന്നത്, ഉത്ഭവോദ്ദേശ്യം നിവർത്തിയ്ക്കുന്നതിനേയും ജീവിത പൂർണ്ണത കൈവരിയ്ക്കുന്നതിനേയും പ്രതീകവൽക്കരിക്കുന്നതുപോലെ, ഒത്തുചേരലിൽ കൂടി മാത്രമേ ജീവിതത്തിന്റെ പൂർണ്ണത നമുക്ക് നേടാനാവൂ എന്ന് ഈ ഗാനം ഉറപ്പിച്ചു പറയുന്നു. ഒഴുകുമ്പോൾ, ചുറ്റുമുള്ള എല്ലാ ജീവജാലങ്ങൾക്കും ജീവൻ നൽകുന്ന സ്രോതസ്സായിത്തീരുന്ന പുഴ, സ്വയം ഒഴുകുന്നത് അവസാനിപ്പിയ്ക്കുമ്പോൾ സ്വയം നഷ്ടപ്പെടുകയും, അഴുകുവാൻ തുടങ്ങുകയും ചെയ്യുന്നു.

*"പാടുന്നു നമ്മളിന്നാർക്കുവേണ്ടി*
*കൈത്താളമേളങ്ങളാർക്കുവേണ്ടി*
*നമ്മുടെ മോഹന സംഗീതധാരകൾ*
*പെയ്തിറങ്ങീടുന്നതാർക്കുവേണ്ടി"*

ബാബു കോടംവേലിൽ എഴുതിയ ഈ ഗാനം, പാട്ടുകൾ നാം ആർക്കു വേണ്ടിയാണ് പാടുന്നത്, ആർക്കു വേണ്ടിയാണ് നാം സംഗീത പെരുമഴ പെയ്യിക്കുന്നത് എന്ന ചോദ്യങ്ങളാണ് ഉയർത്തുന്നത്. പരിവർത്തനത്തിന്റെ വിത്തുകൾ വിതയ്ക്കുന്ന ഈ ഗാനം വ്രണിതഹൃദയരായവർക്കും കടുത്ത വേദനയാലും പീഢയാലും ഞെരുങ്ങുന്നവർക്കും വേണ്ടി പാട്ടുകൾ ഒരുമിച്ച് പാടാനാണ് ജനങ്ങളെ ആഹ്വാനം ചെയ്യുന്നത്.

*"അനുഗമിപ്പാനാണഭിലാഷം*
*കാലുകളോ ബലഹീനം*
*ശക്തി നൽകൂ പ്രിയനായകാ*
*ശക്തി നൽകൂ ശിഷ്യരാകാൻ"*

സന്തോഷ് ജോർജ്ജ് രചിച്ച ഈ ഗാനം ക്രിസ്തുവിനെ അനുഗമിക്കാനുള്ള അഭിലാഷം പ്രകടമാക്കുന്നു. കുരിശിലേക്കുള്ള പാത അപായസാദ്ധ്യതകൾ നിറഞ്ഞതും അപകടകരവുമാണെന്നും അതിനാൽ കാൽവറിയുടെ നിണമണിഞ്ഞ പാത പിന്തുടരുന്നതിന് മാനുഷിക അവസ്ഥകളുടെ ബലഹീനതകളെ അതിജീവിക്കുന്നതിന് ദൈവകൃപ ആവശ്യമാണെന്നുമുള്ള തിരിച്ചറിവ് വെളിപ്പെടുത്തുന്നു.

*"ഉണർന്നു പാടിടാം അനുദിനവും*
*ക്രൂശതിലുയരും ആത്മയാഗം*
*നവജീവധാരയിൻ ജയഭേരിയായി*

*അന്തരംഗജനനമതിൻ ഗാഥയായ് "*

അലക്സാണ്ടർ വർഗീസ് രചിച്ച ഈ ഗാനം ജീവന്റെ പുത്തൻ പ്രവാഹങ്ങളുടെ ഒരാഘോഷമായ, കുരിശിലെ ക്രിസ്തുവിന്റെ ത്യാഗത്തെ കുറിച്ചുള്ളതാണ്. ഈ പ്രവാഹമാണ് ജനങ്ങൾക്കിടയിലുള്ള എല്ലാ പ്രതിബന്ധങ്ങളെയും നീക്കം ചെയ്യുകയും രോഗാതുരയായ ഭൂമി മാതാവിന്റെ മുറിവുകളെ ഉണക്കാൻ ശേഷിയുള്ള ഒരു സാന്ത്വന തൈലമായി മാറുകയും ചെയ്യുന്നത്.

*"അനർഘസ്നേഹോപഹാരമായി*
*കുരിശിൽ ജീവനെ നല്കിയോനേ*
*വിനീതനായി ഞാൻ തരുന്നെന്നേയിതാ*
*മരിച്ചിടാൻ നിൻ ഹിതനിവർത്തിക്കായ് "*

എസ്.കെ. ഏബ്രഹാം രചിച്ച ഈ ഗാനം ദൈവഹിതത്തോട് അടുത്തുനിൽക്കാനായി തന്റെ മുഴുവൻ ജീവനും ഒരുവൻ മരണത്തിനു പോലും  വിട്ടുകൊടുക്കുന്ന ഒരു സമർപ്പണഗാനമാണ്. ഈ ഗാനം അന്തസ്സും  ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങളും നിഷേധിക്കപ്പെട്ടവർക്കൊപ്പം സമൂഹത്തിന്റെ പ്രാന്തങ്ങളിൽ കണ്ടെത്തുന്ന ഒരു ക്രിസ്തീയ സാക്ഷ്യത്തിന്റെ സങ്കല്പമാണ് മുന്നോട്ടുവയ്ക്കുന്നത്.

*"ഉന്നതശില്പിയാം ദൈവമേ*
*വിരൂപശില്പമാം മാനവ ജീവിതം*
*സൗന്ദര്യപൂർണ്ണമാക്കേണമേ*
*അതിൽനിന്നായുധം ഞാനാകണമേ"*

ഈപ്പൻ മാത്യൂ രചിച്ച ഈ ഗാനം മനുഷ്യ ജീവിതത്തിന്റെ പരുക്കൻ അസംസ്കൃതിയെ മനോഹരമായ ഒരു കലാശില്പമായി മെനഞ്ഞെടുക്കാൻ ശേഷിയുള്ള ഒരു ശില്പിയായ ദൈവത്തിന് തന്റെ  ജീവിതം ഒരാൾ സമർ പ്പിക്കുന്നതിന്റെ പ്രതീകാത്മകത്വം പ്രകടമാക്കുന്നു. മനുഷ്യജീവിതം സന്തോഷത്തിന്റെയും സങ്കടങ്ങളുടെയും അനവധി നിറങ്ങളും നിഴലുകളും കലർന്ന ഒരു അപൂർണ്ണമായ കലാശില്പമാണെങ്കിലും, കുരിശിലെ ത്യാഗത്തിന്റെ നിറവിലൂടെ ക്രിസ്തുവിലെ ദൈവത്തിന് മനുഷ്യ ജീവിതങ്ങളിൽ ഇടപെടാനും അവയിൽ അർത്ഥവും ഉദ്ദേശ്യവും സൗന്ദര്യവും നിറങ്ങളും നിറയ്ക്കുവാനും സാധിക്കും എന്ന് ഈ ഗാനം പറഞ്ഞ് വയ്ക്കുന്നു.

*"ഈമണൽക്കാടുകൾ ഈച്ചരൽപാതകൾ*
*ഇരുളിന്റെ മേടും കടന്ന്*
*ഈസംഘയാത്രയിൽ ഈധന്യവേളയിൽ*
*ഇതുതന്നെ നമ്മുടെ സ്വപ്നം"*

ബാബു കോടംവേലിൽ രചിച്ച ഈ ഗാനം പരസ്പരം അംഗീകരിച്ച്, കൂട്ടായി ആഘോഷമായി സഞ്ചരിക്കുന്നവരുടെ യാത്രയുടെ സഫലീകരണമായ പുതിയ ആകാശത്തെയും പുതിയ ഭൂമിയെയും കുറിച്ച് വർണ്ണിക്കുന്നു. അത് ചേതനയുടെ നാളം സംരക്ഷിക്കുന്നതിനുള്ള ജാഗ്രത ആഹ്വാനം ചെയ്യുകയും, ഭൂരിപക്ഷം മനുഷ്യരും തങ്ങളുടെ അന്തരംഗത്തിൽ പ്രിയപ്പെട്ടതായി സൂക്ഷിക്കുന്നതായ സമത്വം, നീതി, ആനന്ദം എന്നിവ കളിയാടുന്ന ഭാവിയെക്കുറിച്ചുള്ള സ്വപ്നത്തെ ദീപ്തമാക്കുകയും ചെയ്യുന്നു.

*"നിൻഹിതം ചെയ്തിടാൻ വൈമനസ്യം കാട്ടും*
*കൈകൾ നീ എടുത്താലും*
*നിൻദർശനത്തിനു വിമുഖതകാട്ടും*
*കൺകൾ നീ എടുത്താലും"*

സന്തോഷ് ജോർജ്ജ് രചിച്ച ഈ ഗാനം ദർശനങ്ങൾ കാണാൻ വിസമ്മതിക്കുന്ന കണ്ണുകളും ദൈവഹിതം ചെയ്യാൻ മടിക്കുന്ന കരങ്ങളും എടുത്തുകൊള്ളാൻ ദൈവത്തോട് തന്നെ ആവശ്യപ്പെടുകയാണ്. ഉപയോഗിക്കപ്പെടുമ്പോൾ തകർന്നുപോയാൽ പോലും ദൈവത്തിന്റെ കരത്തിലെ വില്ലായി ഉപയോഗിക്കപ്പെടുന്നതിലൂടെയാണ് ജീവിതത്തിന്റെ സാഫല്യം കൈവരിക്കുന്നത്, എന്ന് ഈ ഗാനം ഊന്നിപ്പറയുന്നു.

*"രാജകുമാരാ ദേവകുമാരാ*
*ദാവിദിൻ വംശജാ*
*എവിടെനിൻ ചെങ്കോൽ എവിടെ നിൻ പൊൻമുടി*
*എവിടെ വിഭൂഷണജാലം"*

കോശി തലയ്ക്കൽ രചിച്ച ഈ ഗാനം ഭൂമിയിലെ ഒരു പരമ്പരാഗത രാജാവിന്റേതിൽ നിന്ന് പൂർണ്ണമായും വിപരീതമായ ക്രിസ്തുവിന്റെ രാജത്വത്തെ പ്രതിപാദിക്കുന്നു. കൊട്ടാരത്തിനു പകരം ഒരു കാലിത്തൊഴുത്ത് തെരഞ്ഞെടുത്ത, കിരീടമോ, വേഷഭൂഷാദികളോ ഇല്ലാത്ത ഒരു രാജാവ്, ഒരു തച്ചന്റെ ആലയിൽ വളർന്ന ഒരു രാജാവ്. മാത്രമല്ല, സകല മനുഷ്യർക്കും വേണ്ടി തന്റെ ജീവൻ നൽകിയവനുമാണ് ഈ രാജാവ്.

*"മനുഷ്യപുത്രനവൻ നടകൊണ്ടു*
*പുരുഷാരമന്നവനെ പിൻചെന്നു*
*നിർജനമരുഭൂവിൽ ഒരുനവജനപദമായ്*
*അകമുണർന്നവരവനെ പിൻചെന്നു"*

സന്തോഷ് ജോർജ് രചിച്ച ഈ ഗാനം നിരാലംബരും വ്രണിതരുമായ ജനങ്ങളോടൊപ്പം തെരുവിലൂടെ നടന്ന്, ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട എല്ലാവരുടെയും അന്തസ്സും സമത്വവും ദൃഢീകരിക്കുന്ന ഒരു പുതിയ മുന്നേറ്റം സൃഷ്ടിച്ച ക്രിസ്തുവിനെ ചിത്രീകരിക്കുന്നു.

1993 ൽ പ്രസിദ്ധീകരിച്ച പാടാമൊന്നായ് എന്ന പാട്ടുപുസ്തകം 1997 ൽ പുനഃപ്രസിദ്ധീകരിച്ചു. പരമ്പരാഗതമായ ക്രിസ്തീയ ഭക്തി ഗാനങ്ങളിൽ നിന്ന് വളരെ വ്യത്യസ്തമായ ഉള്ളടക്കവും സംഗീതവുമുള്ള 100 ഗാനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വ്യക്തി ജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും പരിവർത്തനം കൊണ്ടുവരാനാകുന്ന പുതിയ വിശ്വാസവും ആത്മീയതയുമാണ് ഈ ഗാനങ്ങൾ അന്വേഷിക്കുന്നത്. സ്വർഗ്ഗത്തിൽ ഒരു സ്ഥലം ഭദ്രമാക്കാനുള്ള ഒരു വ്യക്തിയുടെ ആസക്തിയിൽ നിന്ന് വ്യത്യസ്ഥമായി ജീവന്റെ പൂർണ്ണതയ്ക്കായുള്ള പോരാട്ടങ്ങളിൽ മുൻ കാലചരിത്രത്തിൽ എന്നപോലെ ഇന്നും സജീവമായി തുടരുന്ന ചരിത്രപുരുഷനായ ക്രിസ്തുവിന്റെ ഇടപെടലുകളാണ് ഈ ഗാനങ്ങളുടെ ദൈവശാസ്ത്രപരമായ അടിസ്ഥാനം. ലോകത്തിൽ നീതിയും സമാധാനവും സ്ഥാപിക്കുന്നതും അനുരഞ്ജിപ്പിക്കുന്നതുമായതും ദൈവത്തിന്റെ പ്രവൃത്തിയുടെ ഭാഗമാകാനുമുള്ള, ഒത്തൊരുമിച്ചുള്ള ഒരു കീഴ്പ്പെടലും സമർപ്പണവുമാണ് ഈ ഗാനങ്ങളുടെ സത്ത.

ഈ ഗാനങ്ങൾ സുസംഘടിതമായ ഒരു യത്നത്തിന്റെ ഭാഗമായി രചിക്കപ്പെട്ടവയല്ല, മറിച്ച് സമകാലീന ലോകത്തിന്റെ വിശ്വാസങ്ങളുമായി മൽപ്പിടുത്തം നടത്തിയ ചെറു കൂടിവരവുകളിൽ നിന്നും ശില്പശാലകളിൽ നിന്നും ഉരുത്തിരിഞ്ഞവയാണ്. ഈ ഗാനങ്ങളെ രൂപപ്പെടുത്തിയ ഘടകങ്ങളിലൊന്ന് സമകാലീന ഇന്ത്യൻ സാഹചര്യത്തിൽ ക്രൈസ്തവ സാക്ഷ്യത്തിന്റെ അർത്ഥത്തിനായുള്ള തങ്ങളുടെ അന്വേഷണത്തിന്റെ ഭാഗമായി ഗാനരചയിതാക്കൾ ഇന്ത്യയിലെ വിവിധ മേഖലകളിൽ / ഗ്രാമങ്ങളിൽ നടത്തിയ ഇടപെടലുകളാണ്.

ഈ ഗാനങ്ങൾ തങ്ങളുടെ സാക്ഷ്യത്തിന്റെ ഇടപെടൽ അന്വേഷിക്കുന്ന വ്യക്തികളെയും, കൂട്ടായ്മകളെയും, വിശ്വാസ പ്രസ്ഥാനങ്ങളെയും ക്രൈസ്തവ വിശ്വാസ വിചിന്തനത്തോടൊപ്പം തങ്ങളുടെ ലോകവീക്ഷണം പുനർവിചിന്തനം ചെയ്യുന്നതിനും ജീവിതത്തിൽ ബദൽ നിയോഗങ്ങൾ അന്വേഷിച്ചു കണ്ടെത്തുന്നതിനും പ്രചോദിപ്പിക്കുന്നതിൽ ഒരു വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

## 5. പാടാമൊന്നായ് ഗാനങ്ങളുടെ ഇന്നത്തെ പ്രസക്തി

സമൂഹം പൊതുവായും സംഗീത ലോകം പ്രത്യേകിച്ചും വർത്തമാനകാല യാഥാർത്ഥ്യങ്ങളുടെ വിഷയങ്ങളെയും വെല്ലുവിളികളെയും അഭിസംബോധന ചെയ്യാതെ വികലവും വ്യക്തിഗതവുമായ നേട്ടങ്ങളുടെ ആത്മീയതയെ ഉയർത്തിപ്പിടിക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരം ഗാനങ്ങൾക്ക് ഏറെ പ്രാധാന്യം കൈവരുന്നു. കേരള സമൂഹവും ഭാരതീയ സമൂഹവും എന്നത്തെക്കാളും കൂടുതലായ ലിംഗപരമായ അസമത്വവും ജാതീയതയും പുലർത്തുന്നവരായി മാറിക്കൊണ്ടിരിക്കുന്നതിനാൽ, പരമ്പരാഗത ഗാനരചയിതാക്കളും സംഗീതജ്ഞരും ക്രൈസ്തവ ഗാന മേഖല

പ്രത്യേകിച്ചും തങ്ങളുടെ ചുറ്റുമുള്ള ലോകത്തെ രൂപപ്പെടുത്തുന്ന ധാർമ്മിക വിഷയങ്ങളിൽ നിന്ന് അകലം പാലിക്കുകയും ഭൗതീക അനുഗ്രഹങ്ങളും സമൃദ്ധിയും തേടുന്ന ഒരു ദൈവശാസ്ത്രത്തിൽ അഭിരമിക്കുകയും ചെയ്യുന്നു. സംഗതമായ സാക്ഷ്യത്തിനായുള്ള ഏത് അന്വേഷണത്തെയും അപ്രസക്തമാക്കുന്ന ഈ പ്രവണത, വിശ്വാസത്തിന്റെ സാക്ഷ്യത്തിന് വിലങ്ങുതടിയാണ്. അതിനാൽ വിമോചനാത്മകമായ ഈ ഗാനങ്ങൾ പുനരവതരിപ്പിക്കുകയും, ലഭ്യമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും അവ ജനപ്രിയമാക്കുകയും ചെയ്യുക എന്നുള്ളത് വളരെ പ്രധാനമാണ്. ഈ ഗാനങ്ങളുടെ വിപുലമായ വ്യാപനം പുതിയ ഗാനങ്ങൾ രചിക്കുന്നതിന് വഴി തെളിക്കുമെന്നും പ്രസക്തമായ ആത്മീയതയ്ക്കും സാക്ഷ്യത്തിനുമായുള്ള നവ്യമായ ഒരു ത്വരയ്ക്ക് നാന്ദിയാവുമെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു.

## 6. ഓൺലൈൻ ലിബറേറ്റീവ് സോംഗ് പോർട്ടൽ

ഓൺലൈൻ ലിബറേറ്റീവ് സോംഗ് പോർട്ടൽ ഗാനത്തിന്റെ വരികൾ, സ്റ്റാഫ് നൊട്ടേഷൻ രൂപത്തിലുള്ള സംഗീതം, ഗാനത്തിന്റെ ഓഡിയോ / വീഡിയോ റിക്കോർഡിംഗ്, ഗാനരചയിതാവിന്റെയും സംഗീതസംവിധായകന്റെയും ലഘുജീവചരിത്രക്കുറിപ്പ്, അതോടൊപ്പം ഗാനത്തിന്റെ ദൈവശാസ്ത്രപരവും സാമൂഹികവുമായ പശ്ചാത്തലത്തെ കുറിച്ചുള്ള ഒരു വിവരണം എന്നിവ അടങ്ങിയ ഒരു റിപോസിറ്ററി ആയിരിക്കും. പൊതുജനങ്ങൾക്ക് ഈ ഓൺലൈൻ പോർട്ടലിൽ നിന്ന് ഗാനങ്ങൾ ശ്രവിക്കുകയും ഒപ്പം വരികളും സ്റ്റാഫ് നൊട്ടേഷനും കുറിപ്പുകളും വായിക്കുകയും ചെയ്യാനാവും.

വിമോചനാത്മകമായ ഗാനങ്ങൾ മതേതര ഗാനങ്ങളുടെയും വിശ്വാസാധിഷ്ഠിത ഗാനങ്ങളുടെയും ലിംഗപരമായ അസമത്വം, പരിസ്ഥിതി സംരക്ഷണം, മതസൗഹാർദ്ദം തുടങ്ങിയ സമകാലീന വിഷയങ്ങളെ അഭിസംബോധന ചെയ്യുന്ന ഗാനങ്ങളുടെയും സമാഹാരമാണ്. വർത്തമാനകാല പശ്ചാത്തലത്തിന് പ്രസക്തമായ പുതിയ ഗാനങ്ങൾ വിഷയം തിരിച്ച് സൃഷ്ടിക്കുന്നതിനും പോർട്ടലിലൂടെ അവ വ്യാപനം ചെയ്യുന്നതിനും കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

### 21 റഫറൻസുകൾ


1. പാടാമൊന്നായ് പാട്ടുപുസ്തകം ക്രൈസ്തവ സാഹിത്യ സമിത്, തിരുവല്ല 1993 ൽ പ്രസിദ്ധീകരിച്ചത്, റീപ്രിൻറ് 1997 ൽ
2. ജനകീയ ഗാനങ്ങൾ പാട്ടു പുസ്തകം ഡൈനാമിക് ആക്ഷൻ, തിരുവല്ല 2017 ഏപ്രിലിൽ പ്രസിദ്ധീകരിച്ചത് (നാലാം പതിപ്പ്)
3. ഷാലോം ഷാലോം, ജെ.എം.എം. പഠന കേന്ദ്രം, തിരുവനന്തപുരം 2003 ൽ പ്രസിദ്ധീകരിച്ച ക്രിസ്മസ് ഗാന ബുക്ക്ലെറ്റ്
4. ആഫ്രിക്കൻ-അമേരിക്കൻ സ്പിരിച്വൽസ്: മ്യൂസിക് ഓഫ് ദ സ്ലേവ്സ്, കാൽവിൻ ഏൾ രചിച്ചത്

   http://www.songsoffreedom.ca/episodes/our_songs/


### അനുബന്ധം 1

### പാടാമൊന്നായ് ഗാനങ്ങളുടെ പട്ടിക

1. നിൻ ഹിതം ചെയ്തിടാൻ – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്
2. ഈ മണൽക്കാടുകൾ – രചന ബാബു കോടംവേലിൽ & സംഗീതം സന്തോഷ് ജോർജ്ജ്
3. ഉണർന്നു പാടിടാം അനുദിനവും – രചനയും സംഗീതവും റവ. അലക്സാണ്ടർ വർഗീസ്

4. അനർഘ സ്നേഹോപഹാരമായി – രചന എസ്.കെ. ഏബ്രഹാം & സംഗീതം സന്തോഷ് ജോർജ്ജ്

5. പാടുന്നു നമ്മളിന്നാർക്കുവേണ്ടി – രചന ബാബു കോടംവേലിൽ & സംഗീതം സന്തോഷ് ജോർജ്ജ്

6. സ്വീകരിക്കൂ സ്വീകരിക്കൂ – രചന സന്തോഷ് ജോർജ്ജ് & സംഗീതം ഡോ. എബ്രഹാം ജോഷ്വ

7. അഗ്നിയാവുക നമ്മൾ – രചന വിനോദ് കോശി & സംഗീതം സന്തോഷ് ജോർജ്ജ്

8. ദേവാലയം എൻ ജീവാലയം – രചനയും സംഗീതവും ഈപ്പൻ മാത്യൂ

9. അനുഗമിപ്പാനാണഭിലാഷം – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

10. സത്യ സ്വരൂപാ പ്രണാമം – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

11. നീ മൗനം ഭജിച്ചാൽ – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

12. അരുളുക വരം അടിയാരിൽ – രചന സന്തോഷ് ജോർജ്ജ് & സംഗീതം ജോർജ്ജ് സഖറിയ

13. മനസ്സുണ്ടെനിക്ക് നീ ശുദ്ധമാക – രചന സന്തോഷ് ജോർജ്ജ് & സംഗീതം റവ. അലക്സാണ്ടർ വർഗീസ്

14. പാടാമൊന്നായ് – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

15. സൂര്യനായ് തേജോരൂപമായ് – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

16. നാഥാ നീയെന്റെ മാനസത്തേ – രചന സന്തോഷ് ജോർജ്ജ് & സംഗീതം ഡോ. എബ്രഹാം ജോഷ്വ

17. സത്യ  സുന്ദരമായ വചനം – രചന സന്തോഷ് ജോർജ്ജ് & സംഗീതം ജോസ്

18. വർഷകണങ്ങൾ രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

19. അശാന്തിയും തീരം – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

20. അവൻ നമ്മെ നയിച്ചിടുമ്പോൾ – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

21. ആ ഭാവഗംഗ ഒഴുകിടട്ടേ – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

22. അനുപമ സുന്ദര വേള – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

23. രാജകുമാരാ ദേവകുമാരാ – രചന പ്രൊഫ കോശി തലയ്ക്കൽ സംഗീതം ഡോ. എബ്രഹാം ജോഷ്വ

24. സൃഷ്ടി സ്ഥിതിലയ താളമെവിടെ – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

25. എന്റെ ജനത്തിൻ കഷ്ടത  – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

26. ഉയരെ മുകിലിൻ നിരകളും – രചന സന്തോഷ് ജോർജ്ജ് & സംഗീതം ജയപാലൻ

27. ഈ മനോഹര രാത്രിയിൽ – രചന ഈപ്പൻ മാത്യൂ & സംഗീതം എലിസബെത്ത് മാത്യൂ

28. തമസോമാ – രചന ബേബി തയ്യിൽ & സംഗീതം പി.സി. മൂപ്പായിക്കാട്

29. വഴിയൊരുക്കാനൊരുങ്ങും – രചനയും സംഗീതവും കെ.ജെ. ബേബി

30. സ്വപ്നം വിടരും ഭൂമിയിൽ – രചനയും സംഗീതവും റവ സാജൻ പി മാത്യൂ

31. ഈയിളം കുരുന്നുകൾ – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

32. സ്വപ്നങ്ങളൊക്കെയും – രചന സന്തോഷ് ജോർജ്ജ് & സംഗീതം ഡോ. എബ്രഹാം ജോഷ്വ

33. നാഥാ നീയെവിടെ – രചന സന്തോഷ് ജോർജ്ജ് & സംഗീതം ഡോ. എബ്രഹാം ജോഷ്വ

34. കാലിത്തൊഴുത്തിൽ പുൽത്തൊട്ടി തന്നിൽ – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

35. ഓശാന ഓശാന – രചനയും സംഗീതവും കെ.ജെ. ബേബി

36. ഈ രാവും ഈ വെണ്ണിലാവും – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

37. ആനന്ദം കരകവിയുകയായ് – രചന സന്തോഷ് ജോർജ്ജ് & സംഗീതം സ്വാമി യേശുദാസൻ

38. മന്നവേന്ദ്ര പാടിടുന്നിതു – രചന സന്തോഷ് ജോർജ്ജ് & സംഗീതം ഡോ. എബ്രഹാം ജോഷ്വ

39. സ്വർഗ്ഗസങ്കല്പങ്ങൾ – രചന പ്രൊഫ. വി.സി. ജോൺ & സംഗീതം ജയപാലൻ

40. ക്ഷമിക്കു ശിശുവേ – രചന റവ. ജി. ശോഭനം & സംഗീതം ഡോ. എബ്രഹാം ജോഷ്വ

41. നിൻ പാതേ ചുവടുകൾ വയ്ക്കുവാൻ – രചന യാക്കോബ് തോമസ് & സംഗീതം സന്തോഷ് ജോർജ്ജ്

42. ജീവൻ പകർന്നിടുവാൻ – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

43. ഷാലോം ഷാലോം – രചന യാക്കോബ് തോമസ് & സംഗീതം ഈപ്പൻ മാത്യൂ

44. ദൂരെ ദൂരെയാ മാമലകൾക്കപ്പുറം – രചനയും സംഗീതവും റവ. അലക്സാണ്ടർ വർഗീസ്

45. വിണ്ണിന്റെ നായകനേ – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

46. സൂര്യനുദിച്ചു – രചന സന്തോഷ് ജോർജ്ജ് സംഗീതം ഡോ. എബ്രഹാം ജോഷ്വ

47. അഭയം അഭയം തേടി നടന്നു – രചനയും സംഗീതവും റവ. അലക്സാണ്ടർ വർഗീസ്

48. കൃപ ലഭിച്ചവളേ – രചന സന്തോഷ് ജോർജ്ജ് & സംഗീതം ഡോ. എബ്രഹാം ജോഷ്വ

49. ഇരുൾ പൂത്തു നിൽക്കുമീ – രചന ബാലൻ പി. വൈ. & സംഗീതം സന്തോഷ് ജോർജ്ജ്

50. ആകാശ നീലിമയും – രചന സന്തോഷ് ജോർജ്ജ് & സംഗീതം ഈപ്പൻ മാത്യൂ

51. മനുഷ്യ പുത്രനവൻ – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

52. തവഹിതാചാരി – രചന എസ്.കെ. ഏബ്രഹാം & സംഗീതം ഡോ. എബ്രഹാം ജോഷ്വ

53. ആകാശമേ കേൾക്കുക – രചന സന്തോഷ് ജോർജ്ജ് & സംഗീതം ഡോ. എബ്രഹാം ജോഷ്വ

54. പരമ പിതാവേ – രചന സന്തോഷ് ജോർജ്ജ് & സംഗീതം ഡോ. എബ്രഹാം ജോഷ്വ

55. കനിവേറും സ്നേഹപിതാവേ – രചനയും സംഗീതവും റവ സാജൻ പി മാത്യൂ

56. വിട ചൊല്ലി നീങ്ങുമീ – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

57. കൊടിയ കാറ്റായ് – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

58. മനുകുല ദുരിത നിവാരകനായ് – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

59. ഉദയം ചെയ്തീടാം – രചനയും സംഗീതവും കെ.ജെ. ബേബി

60. പൂമഴയായ് – രചന റെജി മോഹൻ & സംഗീതം സന്തോഷ് ജോർജ്ജ്

61. പൂർവ്വ സന്ധ്യാ നഭസിങ്കൽ – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

62. കാണാക്കര കേറി – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

63. ഉന്നത ശില്പിയാ ദൈവമേ – രചന ജോർജ്ജ് തോമസ് & സംഗീത് എലിസബത്ത് മാത്യൂ

64. ജഗമഖിലം – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

65. യുഗവാസരത്തിന്റെ – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

66. ദൈവം താൻ നമ്മോടു കൂടെയുണ്ട് – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

67. ക്രിസ്തു യേശുവിൻ സ്വാതന്ത്ര്യം – രചനയും സംഗീതവും റവ വി.എം. മാത്യൂ

68. സത്യത്തിന്റെ പാതയിൽ – രചനയും സംഗീതവും മാമ്മൻ വർഗ്ഗീസ് തിട്ടമേൽ

69. ജീവനായുള്ളൊരു – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

70. ഉറങ്ങോമലേ – രചന സന്തോഷ് ജോർജ്ജ് & സംഗീതം റവ എം.ജെ. ജോസഫ്

71. ജ്ഞാനികളേ ലജ്ജിതരാക്കിടുവാനായ് – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

72. നിൻ പാതേ ക്രൂശിൻ പാതേ – രചന ബാബു കോടംവേലിൽ & സംഗീതം ഷാജി നേടുഞ്ചേരി

73. സുവിശേഷത്തിൻ മാറ്റൊലികൾ – രചനയും സംഗീതവും റവ. വി.എം. മാത്യു

74. യേശുവേ ലോകത്തിൽ സാക്ഷിച്ചീടാൻ – രചന സന്തോഷ് ജോർജ്ജ് & സംഗീതം

75. കാലം തികഞ്ഞു – രചന സന്തോഷ് ജോർജ്ജ് & സംഗീതം ഡോ. എബ്രഹാം ജോഷ്വ

76. ആരാവം മുഴങ്ങി – രചന സന്തോഷ് ജോർജ്ജ് & സംഗീതം ഡോ. എബ്രഹാം ജോഷ്വ

77. നീയെന്നെ കൈവിട്ടതെന്തേ – രചന ബാബു കോടംവേലിൽ & സംഗീതം സന്തോഷ് ജോർജ്ജ്

78. ധ്യാന നിരതനായ് – രചന എസ്.കെ. ഏബ്രഹാം & സംഗീതം സന്തോഷ് ജോർജ്ജ്

79. വിനീതരായ് വിനീതരായ് – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

80. ഉറക്കു പാട്ടിൻ ഇഴകളുലയ്ക്കും – രചന സന്തോഷ് ജോർജ്ജ് & സംഗീതം ജയപാലൻ

81. മൂകയാം രാത്രി – രചനയും സംഗീതവും ഈപ്പൻ മാത്യു

82. മനുഷ്യനേ സ്നേഹിച്ച ദേവ – രചന സന്തോഷ് ജോർജ്ജ് & സംഗീതം ഡോ. എബ്രഹാം ജോഷ്വ

83. നിൻ രൂപം തന്നെന്നിൽ – രചന & സംഗീതം ഈപ്പൻ മാത്യു

84. നവദമ്പതികളേ – രചന സന്തോഷ് ജോർജ്ജ് & സംഗീതം ഡോ. എബ്രഹാം ജോഷ്വ

85. തുറന്നില്ല നാഥാ നിൻ വാതിലുകൾ – രചന ബാബു കോടംവേലിൽ & സംഗീതം സന്തോഷ് ജോർജ്ജ്

86. ഈ രാവിൻ ഹൃദയത്തിലൂടെ – രചന ബാബു കോടംവേലിൽ & സംഗീതം ഡോ. എബ്രഹാം ജോഷ്വ

87. നമോ വാകം – രചന സി ബാബു & സംഗീതം ഏബ്രഹാം ഈപ്പൻ, സന്തോഷ് ജോർജ്ജ്

88. സ്മരണകൾ തൻ മണിദീപം – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

89. വിതുമ്പുന്നതെന്തേ – രചനയും സംഗീതവും ബാബു കോടംവേലിൽ

90. ഒരു ദീപ നാളം – രചന ബാബു കോടംവേലിൽ & സംഗീതം സന്തോഷ് ജോർജ്ജ്

91. ഒരു നല്ല നൈവേദ്യം പോലും – രചന ബാബു കോടംവേലിൽ & സംഗീതം ഡോ. എബ്രഹാം ജോഷ്വ

92. പാഴ്മുളം തണ്ടുകളാണെ നമ്മൾ – രചന ബാബു കോടംവേലിൽ & സംഗീതം സന്തോഷ് ജോർജ്ജ്

93. ശ്രുതലയതാളമായി – രചന പി.ഡി. ജോൺ & സംഗീതം സന്തോഷ് ജോർജ്ജ്

94. ഗിരി നിരകൾ പാടുന്നു – രചന ബാബു കോടംവേലിൽ & സംഗീതം ഡോ. എബ്രഹാം ജോഷ്വ

95. ശാദ്വല തീരങ്ങൾ – രചന യാക്കോബ് തോമസ് & സംഗീതം സന്തോഷ് ജോർജ്ജ്

96. ഷാലോം ഷാലോം – രചന യാക്കോബ് തോമസ് & സംഗീതം ഈപ്പൻ മാത്യു

97. നിദാന്ത യാത്രികർ – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

98. ആരോരോ ആരോരോ – രചനയും സംഗീതവും ഈപ്പൻ മാത്യു

99. പിറക്കാത്തതെന്തേ – രചന ബാബു കോടംവേലിൽ & സംഗീതം ഡോ. എബ്രഹാം ജോഷ്വ

100. ഇളം കാറ്റ് വീശുന്നേ – രചന ബാബു കോടംവേലിൽ & സംഗീതം ഡോ. എബ്രഹാം ജോഷ്വ

101. അണയുന്നു നാഥാ – രചന ജിജി അലക്സ് & സംഗീതം സന്തോഷ് ജോർജ്ജ്

102. കൃപയാൽ നിറയ്ക്കുക നാഥാ – രചന ജിജി അലക്സ് സംഗീതം സന്തോഷ് ജോർജ്ജ്

103. യേശുപൈതലിന്റെ കൊച്ചു സ്വപ്നഭൂമിയിൽ – രചന സന്തോഷ് ജോർജ്ജ് & സംഗീതം ഡോ. എബ്രഹാം ജോഷ്വ

104. നാദം പകർന്നല്ലോ – രചന & സംഗീതം സന്തോഷ് ജോർജ്ജ്

105. സുന്ദര നീല നിശീഥിനിയിൽ – രചന & സംഗീതം സന്തോഷ് ജോർജ്ജ്

106. നാഥൻ വരുന്നൊരു നേരവും കാത്ത് – രചന റവ. ജോർജ്ജ് ഏബ്രഹാം & സംഗീതം സന്തോഷ് ജോർജ്ജ്

107. സ്നേഹം അമ്മ തൻ സ്നേഹം – രചനയും സംഗീതവും ഈപ്പൻ മാതൃ

108. യാത്ര അനന്തമാം യാത്ര – രചന  & സംഗീതം സന്തോഷ് ജോർജ്ജ്

109. നിത്യവുമങ്ങനെ കഴലിണ പണിയാൻ – രചന എസ്.കെ. എബ്രഹാം & സംഗീതം സന്തോഷ് ജോർജ്ജ്

110. മരുഭൂമിയും മലയോരവും – രചന & സംഗീതം സന്തോഷ് ജോർജ്ജ്

111. മാനത്തൊരു വെള്ളിവെളിച്ചം – രചന ബാബു കോടംവേലിൽ & സംഗീതം ഡോ. എബ്രഹാം ജോഷ്വ

112. നിശ്ശബ്ദമായി തൻ – രചന & സംഗീതം ഈപ്പൻ മാതൃ

113. തവജന്മ സാഫല്യ – രചന സന്തോഷ് ജോർജ്ജ് & സംഗീതം ഡോ. എബ്രഹാം ജോഷ്വ

114. ഉയരുന്നു ദൈവീക നാദം – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

115. മാനം തുറന്നിറങ്ങുന്നു – രചന സന്തോഷ് ജോർജ്ജ് & സംഗീതം ഡോ. എബ്രഹാം ജോഷ്വ

116. വിടവുകൾ മീതെ – രചന യാക്കോബ് തോമസ് & സംഗീതം സന്തോഷ് ജോർജ്ജ്

117. പൊടിമണ്ണ് പാത – രചന സന്തോഷ് ജോർജ്ജ് & സംഗീതം എബ്രഹാം ഈപ്പൻ

118. വചനത്തിൻ ദീപങ്ങളാൽ – രചന യാക്കോബ് തോമസ് & സംഗീതം സന്തോഷ് ജോർജ്ജ്

119. ഈ തെരുവോരങ്ങൾ – രചന ബാബു കോടംവേലിൽ & സംഗീതം സന്തോഷ് ജോർജ്ജ്

120. വിജനമായ വീഥിയിൽ – രചന ഷാജി നെടുങ്ങേരി & സംഗീതം സന്തോഷ് ജോർജ്ജ്

121. ബലമരുളുക – രചനയും സംഗീതവും ഈപ്പൻ മാതൃ

122. ദൈവമീ ലോകത്തെ – രചന ജേക്കബ് ജോൺ & സംഗീതം ഈപ്പൻ മാതൃ

123. സുന്ദര നീല നിശീഥിനി – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്

124. ഭൂഹൃദയത്തിലുണ്ണിട്ടും – രചന സന്തോഷ് ജോർജ്ജ് & സംഗീതം സ്വാമി യേശുദാസ്

125. വർണ്ണാഭമാം പ്രപഞ്ചത്തിൻ – രചനയും സംഗീതവും സന്തോഷ് ജോർജ്ജ്